(ഡി) മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ട്, മലപ്പുറം നർക്കോട്ടിക് സെൽ ഡിവൈ. എസ്. പി., മലപ്പുറം സി.ഐ., പി.സി. 3486 അജിത്കുമാർ എന്നിവരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

മാധ്യമപ്രവർത്തകർക്കെതിരെ നടന്ന അക്രമത്തിനെതിരെ അന്വേഷണം

29 [88] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് കരിപ്പൂർ വിമാനത്താവളത്തിൽ വച്ച് നൽകിയ സ്വീകരണത്തിനെത്തിയ മുസ്ളീം ലീഗ് പ്രവർത്തകർ മാധ്യമ പ്രവർത്തകരെ ആക്രമിക്കുകയും യാത്രക്കാരുടെ യാത്ര തടസ്സപ്പെടുത്തുകയും ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ എത്ര കേസ്സുകൾ; ആരെയെല്ലാം പ്രതി ചേർത്താണ് എന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയം കൈകാര്യം ചെയ്തതിൽ പോലീസിന് വീഴ്ചപറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

(ഡി) ഇത് സംബന്ധിച്ച് നടത്തിയ അന്വേഷണങ്ങളിൽ പൂർത്തീകരിച്ചവയുടെ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഇ) മറ്റന്വേഷണങ്ങൾ ഏതെല്ലാം ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. മുസ്ളീം ലീഗ് പ്രവർത്തകർ മാധ്യമപ്രവർത്തകരെ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് ക്രൈം. 655/04 ആയി കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ കണ്ടാലറിയാവുന്ന 30-തോളം ഐ. യു. എം. എൽ. പ്രവർത്തകരെ പ്രതി ചേർത്തിട്ടുണ്ട്.

(സി) മേൽ വിഷയം കൈകാര്യം ചെയ്തതിൽ പോലീസിന് വീഴ്ച പറ്റിയിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് എ. ഡി. ജി. പി. (ഓപ്പറേഷൻസ്), തിരുവനന്തപുരം നേരിട്ട് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാപോലീസ് സൂപ്രണ്ടിനെ സ്ഥലം മാറ്റുവാൻ തീരുമാനമായിട്ടുള്ളതും മലപ്പുറം സർക്കിൾ ഇൻസ്പെക്ടറുടെയും ഡിവൈ. എസ്. പി. നാർക്കോട്ടിക്

LIBRARY ARCHIVES Kerala Legislative Assembly

സെല്ലിന്റെയും പേരിൽ യഥാക്രമം വാക്കാലന്വേഷണത്തിനും വാക്കാലല്ലാത്ത അന്വേഷണത്തിനും ഉത്തരവായിട്ടുള്ളതും സംഭവത്തിൽ കുറ്റാരോപിതനായ പി. സി. 3486 അജിത് കുമാറിനെ മൂന്നുമാസത്തെ തീവ്രപരിശീലനത്തിനായി അയച്ചിട്ടുള്ളതുമാണ്.

(ഡി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ റിപ്പോർട്ട് ഇപ്പോൾ ലഭ്യമല്ല.

(ഇ) മാധ്യമപ്രവർത്തകരെ ആക്രമിച്ച സംഭവത്തെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഫോറൻസിക് ലാബിൽ നടന്ന സ്ഫോടനം

30 [95] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :*

„ *കെ. ബാബു :*

„ *പി. ടി. തോമസ് :*

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതാനും വർഷം മുൻപ് ഫോറൻസിക് സയൻസ് ലാബിൽ സ്ഫോടനമുണ്ടായപ്പോൾ എത്ര കേസ്സുകളുടെ തെളിവ് സംബന്ധിക്കുന്ന തൊണ്ടിയോ മറ്റ് സാധനങ്ങളോ അവിടെ പരിശോധനയ്ക്കായി സൂക്ഷിച്ചിരുന്നു എന്നറിയിക്കാമോ;

(ബി) ഇതിൽ പ്രമുഖമായ ഏതെല്ലാം കേസ്സുകളെ സംബന്ധിക്കുന്ന തെളിവുകൾ/തൊണ്ടികൾ ഉൾപ്പെട്ടിരുന്നു;

(സി) ഈ സ്ഫോടനത്തെപ്പറ്റി ഇപ്പോൾ സി. ബി. ഐ. അന്വേഷിക്കുന്നുണ്ടോ;

(ഡി) ഈ സ്ഫോടനംമൂലം തെളിവു നശിപ്പിച്ച കേസ്സുകളുമായി ബന്ധപ്പെട്ട ആരുടെയെല്ലാം പേരിൽ സി. ബി. ഐ. അന്വേഷണം നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബയോളജി വിഭാഗത്തിൽ 28-ം കെമിസ്ട്രി വിഭാഗത്തിൽ 74-ം ഉൾപ്പെടെ 102 കേസ്സുകളുടെ തെളിവ് സംബന്ധിക്കുന്ന തൊണ്ടി സാധനങ്ങൾ പരിശോധനയ്ക്കായി സൂക്ഷിച്ചിരുന്നു.

(ബി) ഇതിൽ പ്രമുഖമായ കേസ്സുകളെ സംബന്ധിക്കുന്ന തെളിവുകൾ ഒന്നും ഉൾപ്പെട്ടിരുന്നില്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly